**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4686** **19-07-2022 - ൽ മറുപടിയ്ക്ക്**

**ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ശുദ്ധജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യബന്ധന വകുപ്പ് മുഖേന ലഭ്യമാക്കുന്ന സഹായങ്ങൾ വ്യക്തമാക്കുമോ; | (എ) | മത്സ്യകൃഷിയുടെ ഗുണഭോക്താക്കളായ കർഷകർക്ക് ഓരോ കൃഷി രീതിയ്ക്കനുസൃതമായി പുതിയതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് യൂണിറ്റ് തുകയുടെ 40% ധനസഹായം നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷൻ കോസ്റ്റിന്റെ 20% വും ധനസഹായമായി നൽകുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയിൽ ഉൾപ്പെട്ട പദ്ധതികളിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളായ ജനറൽ വിഭാഗത്തിൽപ്പെട്ട മത്സ്യ കർഷകർക്ക് യൂണിറ്റ് കോസ്റ്റിന്റെ 40% ധനസഹായവും വനിതകൾക്കും എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട മത്സ്യ കർഷകർക്കും യൂണിറ്റ് കോസ്റ്റിന്റെ 60% ധനസഹായമായി നൽകി വരുന്നു. |
| (ബി) | അതിലൂടെ എത്ര ടൺ മത്സ്യം സംസ്ഥാനത്ത് അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (ബി) | സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ 2020-21 വർഷത്തിൽ 34987 ടണ്ണായിരുന്ന മത്സ്യോൽപ്പാദനം 2021-22 വർഷത്തിൽ വിവിധ മത്സ്യകൃഷി പദ്ധതിയിലൂടെ 37521ടണ്ണായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഉല്പാദിപ്പിച്ച മത്സ്യം വിറ്റഴിക്കുവാൻ കർഷകർക്ക് സാധിക്കാത്തതിനാൽ പലരും പ്രസ്തുത കൃഷിയിൽനിന്നും പിൻവാങ്ങുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി കൃഷി ചെയ്തു വരുന്ന മത്സ്യങ്ങൾ ഒരുമിച്ചിളവെടുപ്പ് നടത്തുന്നതിന്റെ ഭാഗമായി ചില സ്ഥലങ്ങളിൽ വിൽപ്പന സാധ്യത കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാർക്കറ്റ് പ്രവണതയ്ക്കനുസരിച്ച് വിളവെടുപ്പ് നടത്തുന്ന കർഷകർക്ക് നല്ല വില ലഭിച്ചതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഉൽപ്പാദിപ്പിക്കുന്ന മത്സ്യം വിറ്റഴിക്കാൻ സാധിക്കാത്തിനാൽ പ്രസ്തുത കൃഷിയിൽ നിന്നും പിൻവാങ്ങുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഉല്പാദിപ്പിച്ച മത്സ്യത്തിന് മാർക്കറ്റ് കണ്ടെത്തുന്നതിനായി മത്സ്യകർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | ഉൾനാടൻ മത്സ്യമേഖലയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനുമായി സംസ്ഥാനത്തെ 5 ജില്ലകളിലായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 30 മാർക്കറ്റിംഗ് ഔട്ട്ലറ്റുകൾ സ്ഥാപിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 3 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഉൾനാടൻ മത്സ്യങ്ങളുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ശൃംഖല രൂപീകരണവും വിപണനം ശാക്തീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിന് പുറമേ ഗുണനിലാവാരമുള്ള മത്സ്യം ശുചിത്വ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിന് മത്സ്യഫെഡ് മുഖേന സർവ്വീസ് സഹകരണബാങ്ക്/ സംഘങ്ങളുമായി ചേർന്നുള്ള മത്സ്യ വിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജക മണ്ഡലത്തിലും ഫിഷ് മാർട്ടുകൾ രൂപീകരിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജക മണ്ഡലങ്ങളിലായി 113 ഫ്രാഞ്ചസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ പി.എം.എം.എസ്.വൈ പദ്ധതിയിലുൾപ്പെടുത്തി കക്കി (പത്തനംതിട്ട) പെരുവണ്ണാമൂഴി (കോഴിക്കോട്) കാരാപ്പുഴ& ബാണാസുരസാഗർ (വയനാട്) എന്നീ ജല സംഭരണികളിലായി നടത്തി വരുന്ന കൂട് മത്സ്യ കൃഷിയോടനുബന്ധിച്ച് വിവിധ ഇടങ്ങളിൽ മത്സ്യ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | മത്സ്യഇനങ്ങൾ | മത്സ്യോല്പാദനം (ടണ്ണിൽ) | |
|---|---|---|---|
| | | 2020–21 | 2021–22 |
| 1. | കൊഞ്ച് | 1353 | 2414 |
| 2. | കരിമീൻ | 1184 | 1388 |
| 3. | തിരുത | 15 | 82 |
| 4. | ക്യാറ്റ്ഫിഷ് | 6898 | 5270 |
| 5. | തിലാപ്പിയ | 3726 | 5897 |
| 6. | ഞണ്ട് | 51 | 43 |
| 7. | കാർപ്പ് | 20527 | 21445 |
| 8. | പൂമീൻ | 102 | 409 |
| 9. | കക്ക | 827 | 309 |
| 10. | മറ്റുള്ളവ | 304 | 264 |
| ആകെ | | 34987 | 37521 |